പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 812</u> <u>01.03.2017-ൽ മറുപടിയ്ക്ക്</u>

## <u>ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ</u>

<u>ചോദ്യം</u>
**ശ്രീമതി.ഇ.എസ്.ബിജിമോൾ**
**ശ്രീ.കെ.രാജൻ**
**ശ്രീമതി.ഗീതാ ഗോപി**
**ശ്രീമതി.സി.കെ. ആശ**

<u>മറുപടി</u>
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | സ്വന്തമായി ഭൂമിയും വീടുമില്ലാത്ത പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ആയത് ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ; | എ) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ, ഭൂമി വാങ്ങി നൽകൽ പദ്ധതി, വനാവകാശ നിയമം 2006 മുതലായ പദ്ധതികൾ പ്രകാരം ഭൂമി ലഭ്യമാക്കി വരുന്നു.<br>സംസ്ഥാനത്തെ ഭവനരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് അനുവദിക്കുന്നതിനായി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭവനനിർമ്മാണ ഗ്രാന്റ് അനുവദിക്കുന്നതിനായി ജനറൽ ഹൗസിംഗ് സ്കീം, ഹഡ്കോ ഹൗസിംഗ് സ്കീം, എ.ടി.എസ്.പി ഹൗസിംഗ് സ്കീം എന്നീ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നു. കൂടാതെ ഗ്രാമവികസന വകുപ്പ് മുഖാന്തിരം ഐ.എ.വൈ പദ്ധതി പ്രകാരവും വീടുകൾ അനുവദിച്ചു നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഭവനനിർമ്മാണത്തിനായി പട്ടികവർഗ്ഗ വകുപ്പ് മുഖേന സാമ്പത്തികസഹായം നല്കിയതിൽ നിർമ്മാണം പൂർത്തീകരിക്കപ്പെടാത്ത വീടുകളുടെ എണ്ണം കണക്കായിട്ടുണ്ടോ; പ്രസ്തുത വീടുകളുടെ പണി പൂർത്തീകരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ; | ബി) | ഉണ്ട്. 2011-12 സാമ്പത്തികവർഷം മുതൽ 2015-16 സാമ്പത്തികവർഷം വരെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അനുവദിച്ച 17578 വീടുകളിൽ 30.01.2017-ലെ ഭവനനിർമ്മാണ പുരോഗതി റിപ്പോർട്ട് പ്രകാരം 13633 വീടുകൾ പൂർത്തീകരിച്ചിട്ടില്ല. വീടുകളുടെ പണി പൂർത്തീകരിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തിൽ 31.01.2017 വരെ ആകെ 166,78,94,000/-രൂപ അനുവദിച്ചതിൽ 154,65,05,162/-രൂപ ചെലവഴിച്ചിട്ടുണ്ട്. നിർമ്മാണ പ്രക്രിയകൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| സി) | വീട് വയ്ക്കുന്നതിന് സ്ഥലം വാങ്ങുന്നതിനായി ഈ വർഷം എത്രപേർക്ക് സഹായം ലഭ്യമാക്കിയെന്ന് അറിയിക്കുമോ? | സി) | ഭൂരഹിതരായ 56 പട്ടികവർഗ്ഗക്കാർക്ക് നടപ്പ് സാമ്പത്തിക വർഷം 5,65,75,800/-രൂപ ചെലവഴിച്ച് 25.588 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കായി 42 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക കൂടി ഉപയോഗിച്ച് സ്ഥലം വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വനാവകാശ നിയമ പ്രകാരം 4175 പേർക്ക് കൂടി RoR നൽകാൻ നടപടി സ്വീകരിച്ചു വരുന്നു. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ലഭ്യമായ വനഭൂമിയിൽ നിന്നും 4000 പേർക്ക് കൂടി ഭൂമി അനുവദിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ